8
ശനി
2018 സപ്തംബർ
1194 ചിങ്ങം 23

മക്തബ്

www.makthabdaily.com

ഈ കോളത്തിൽ പരസ്യം
ചെയ്യാൻ താൽപര്യമുള്ളവർ
ഉടൻ ബന്ധപ്പെടുക

9847297612, 9446651056

തളിപ്പറമ്പ പുസ്തകം 11 ലക്കം 272 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

പി.കെ.ശശി എം.എൽ.എക്കെതിരെയുള്ള പരാതി പുറത്ത്; കീഴ്പ്പെടുത്താൻ പല തന്ത്രങ്ങളും പയറ്റി

പീഡിപ്പിച്ചത് സി.പി.എം മണ്ണാർക്കാട് ഏരിയാ കമ്മിറ്റി ഓഫീസിൽ വച്ച്

തളിപ്പറമ്പ: ഡി.വൈ.എഫ്.ഐ പാലക്കാട് ജില്ലാ കമ്മിറ്റിയംഗവും നിയമ വിദ്യാർത്ഥിനിയുമായ യുവതിയെ ഷൊർണ്ണൂർ എം.എൽ.എ പീഡിപ്പിച്ചത് സി.പി.എം മണ്ണാർക്കാട് ഏരിയ കമ്മിറ്റി ഓഫീസിൽ വെച്ച്. ആഗസ്ത് 14ന് ഇതു സംബന്ധിച്ച് യുവതി സി.പി.എം സംസ്ഥാന കമ്മിറ്റിക്കും കേന്ദ്ര കമ്മിറ്റിക്കും നൽകിയ പരാതിയുടെ കോപ്പിയാണ് ചില മാധ്യമ പ്രവർത്തകർക്ക് ലഭിച്ചത്. പരാതിയിൽ പാർട്ടി നടപടി വൈകിയതിനെ തുടർന്നാണ് ശശിയുടെ എതിരാളികൾ പരാതിയുടെ വിശദാംശങ്ങൾ മാധ്യമ പ്രവർത്തകർക്ക് നൽകിയത്.

സി.പി.എം പാലക്കാട് ജില്ലാ സമ്മേളന കാലത്താണ് പി.കെ. ശശി യുവതിയെ വീഴ്ത്താൻ കെണി ഒരുക്കിയത്. സമ്മേളനം നടക്കുന്നതിന് ഒമ്പത് ദിവസം മുമ്പാണ് ആദ്യ പീഡനശ്രമം നടക്കുന്നത്. ജില്ലാ സമ്മേളനത്തിലെ വനിത റെഡ്വളണ്ടിയർമാരുടെ ചുമതല പരാതിക്കാരിക്കായിരുന്നു. ഒരു ദിവസം ശശി പരാതിക്കാരിയെ വിളിച്ച് ഒരു കെട്ട് പണം നീട്ടി. റെഡ്വളണ്ടിയർമാർക്ക് യൂനിഫോമിനുള്ളതാണെന്നായിരുന്നു ശശി പറഞ്ഞത്. പന്തികേട് മനസിലായ യുവതി പണം വാങ്ങാൻ തയ്യാറായില്ല. ചേർത്ത് പിടിച്ച് ബലമായി പണം വസ്ത്രത്തിനുള്ളിൽ നിക്ഷേപിക്കാൻ ശശി ശ്രമിച്ചെങ്കിലും മറ്റ് ആളുകൾ വന്നതിനാൽ അത് നടന്നില്ല. പിന്നീട് താൻ ശശി ഉള്ളിടത്ത് നിന്ന് മാറി നിൽക്കാൻ പരമാവധി ശ്രമിച്ചെന്നാണ് യുവതി നൽകിയ പരാതിയിൽ പറയുന്നത്. ഈ കാര്യം പാർട്ടി ഏരിയ സെക്രട്ടറിയടക്കമുള്ളവരോട് യുവതി പറഞ്ഞു. സമ്മേളന കാലത്ത് ഇത്തരമൊരു വാർത്ത പുറത്തുവന്നാൽ നാണക്കേടാവുമെന്നും പരമാവധി ശശിയിൽ നിന്ന് ഒഴിഞ്ഞ് നിൽക്കാൻ നോക്കിയാൽ മതിയെന്നുമായിരുന്നു ഏരിയ സെക്രട്ടറി സുഭാഷിന്റെ ഉപദേശം. യുവതി അത് പാലിച്ചു. ശശിയുള്ള സ്ഥലത്തേക്ക് പോകാതെ ശ്രദ്ധിച്ചു. ജില്ലാ സമ്മേളന വേദിയിൽ യൂനിഫോം ധരിച്ച് നിന്ന യുവതിക്കടുത്തേക്ക് ശശി വന്നു. "എനിക്ക് മുഖലക്ഷണം നോക്കി കാര്യങ്ങൾ പറയാൻ അറിയാം. സഖാവിന്റെ മുഖത്ത് വലിയ ടെൻഷൻ ഉണ്ടല്ലോ" എന്നായിരുന്നു ശശിയുടെ കമന്റ്. മറുപടി ഒന്നും പറയാതെ യുവതി മാറി നിന്നു. സമ്മേളന ദിവസങ്ങളിൽ യുവതിയെ ഫോൺ വിളിക്കാൻ തുടങ്ങി. "എനിക്ക് വഴിപ്പെട്ടാൽ പല ഗുണങ്ങളുമുണ്ടാകുമെന്നും പാർട്ടിയിൽ ഉന്നത സ്ഥാനം നേടിത്തരുമെന്നുമായിരുന്നു ശശിയുടെ വാഗ്ദാനം. പിന്നീട് ശശിയുടെ നമ്പറിൽ നിന്നും ഫോൺ വന്നാൽ എടുക്കാതെയായി.

സമ്മേളനം കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞപ്പോൾ ഒരു ദിവസം മണ്ണാർക്കാട് ഏരിയ കമ്മിറ്റി ഓഫീസിൽ വച്ച് ശശി യുവതിയെ കയറിപ്പിടിച്ചു. ഉടൻ യുവതി കുതറി ഓടിരക്ഷപ്പെടുകയായിരുന്നു. ഇനിയും ഈ കാര്യം പരസ്യമാക്കിയില്ലെങ്കിൽ അപകടമാണെന്ന് തിരിച്ചറിഞ്ഞ യുവതി വീട്ടുകാരുമായി ആലോചിച്ചതിന് ശേഷമാണ് പാർട്ടി നേതൃത്വത്തിന് പരാതി നൽകിയത്. ഓരോ സംഭവം നടന്നതിന്റെയും തീയതിയും സമയവും ശശി വിളിച്ച ഫോൺ കോളിന്റെ ശബ്ദരേഖയും സഹിതമാണ് പരാതി നൽകിയത്.

പരാതി നൽകി ആഴ്ചകൾ പിന്നിട്ടിട്ടും പാർട്ടി നടപടി എടുക്കാത്തതിനെ തുടർന്നാണ് ഈ കാര്യം മാധ്യമങ്ങളെ അറിയിക്കാൻ യുവതിയോട് അടുപ്പമുള്ളവർ തയ്യാറായത്.

നിയമമന്ത്രിക്ക് പരാതി ലഭിച്ചിട്ടും നടപടിയെടുക്കാത്തത് ഗുരുതരകുറ്റം

തളിപ്പറമ്പ: പോലീസിലോ ഭരണഘടന സ്ഥാപനങ്ങളിലോ യുവതി പരാതി നൽകാത്തതാണ് കേസെടുക്കാത്തതിന്റെ കാരണമെന്ന വാദം പൊളിയുന്നു. സംസ്ഥാന നിയമ വകുപ്പ് മന്ത്രി എ.കെ.ബാലന് ആഗസ്റ്റ് 31ന് പരാതിയുടെ കോപ്പി ലഭിച്ചിട്ടുണ്ട്. യുവതി കോടിയേരി ബാലകൃഷ്ണന് നൽകിയ പരാതി 31ന് ചേർന്ന സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് ചർച്ച ചെയ്യുകയും അന്വേഷിക്കാൻ നിയമ മന്ത്രി കൂടിയായ എ.കെ.ബാലനെയും പി.കെ.ശ്രീമതി ടീച്ചറെയും ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. യുവതി നൽകിയ പരാതിയുടെ പകർപ്പ് രണ്ട് നേതാക്കൾക്കും നൽകിയിരുന്നു. സ്വാഭാവികമായും നിയമ മന്ത്രിക്ക് ഒരു സ്ത്രീയുടെ പീഡന പരാതി പ്രാഥമിക തെളിവുകൾ സഹിതം ലഭിച്ചാൽ ഉടൻ അത് പോലീസിന് കൈമാറണമെന്നാണ് നിലവിലുള്ള നിയമം. മാത്രമല്ല സുപ്രീം കോടതിയുടെ നിരവധി വിധികളും ഇതുസംബന്ധിച്ച് പുറത്തുവന്നിട്ടുണ്ട്. നിയമമന്ത്രിക്ക് പരാതി ലഭിച്ചില്ലെന്നാണ് അദേഹം സപ്തംബർ നാലിന് മാധ്യമങ്ങളോട് പറഞ്ഞത്. എന്നാൽ ഇന്നലെ സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഒപ്പിട്ട് മാധ്യമങ്ങൾക്ക് നൽകിയ പ്രസ്താവനയിൽ സെക്രട്ടേറിയറ്റ് അംഗങ്ങളായ എ.കെ.ബാലനെയും പി.കെ.ശ്രീമതി ടീച്ചറെയും ആഗസ്ത് 31ന് പരാതിയെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയെന്ന് സംശയത്തിന് ഇടം നൽകാതെ വ്യക്തമാക്കിയിട്ടുണ്ട്. ഈ കാര്യം ചൂണ്ടിക്കാട്ടി മന്ത്രിക്കെതിരെ പരാതി നൽകാൻ കോൺഗ്രസും ബി.ജെ.പിയും തീരുമാനിച്ചിട്ടുണ്ട്. മന്ത്രിയുടെ നടപടി സത്യപ്രതിജ്ഞാലംഘനമാണെന്ന് നിയമ വിദഗ്ധരും ചൂണ്ടിക്കാട്ടുന്നു.

ബിഷപ്പിന്റെ അറസ്റ്റിനായി കന്യാസ്ത്രീകളുടെ പ്രത്യക്ഷ സമരം

കൊച്ചി: ബലാൽസംഗ പരാതിയിൽ ജലന്തർ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിന്റെ അറസ്റ്റ് വൈകുന്നതിനെതിരെ കന്യാസ്ത്രീകൾ ഉൾപ്പെടെ പ്രത്യക്ഷ സമരത്തിനിറങ്ങി. ജോയിന്റ് ക്രിസ്ത്യൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഹൈക്കോടതിയുടെ വിളിപ്പാടകലെയാണ് പന്തൽ കെട്ടി പ്രത്യക്ഷസമരം തുടങ്ങിയത്. പീഡനത്തിനിരയായ കന്യാസ്ത്രീ അംഗമായ കുറവിലങ്ങാട് മഠത്തിലെ കന്യാസ്ത്രീകൾ ഉൾപ്പെടെ ഇന്ന് കാലത്ത് സമരപ്പന്തലിലെത്തി ഉപവാസത്തിന്റെ ഭാഗമായി. സഭയും സർക്കാരും ഒരുപോലെ അലംഭാവം കാട്ടുമ്പോൾ കോടതിയിൽ മാത്രമാണ് പ്രതീക്ഷയുള്ളതെന്ന് കന്യാസ്ത്രീകൾ വിളിച്ചുപറഞ്ഞു. സ്വന്തം സമൂഹത്തിലെ സഹോദരിക്ക് നീതികിട്ടുംവരെ സമരരംഗത്തുണ്ടാകുമെന്ന് ഇവർ മുന്നറിയിപ്പ് നൽകി. നേരത്തെ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരെ പരാതി നൽകാൻ മഠത്തിലെ മറ്റ് അഞ്ച് കന്യാസ്ത്രീകൾ തയ്യാറായതിന് പിന്നാലെയാണ് മറ്റുള്ളവർ പ്രത്യക്ഷപ്രതിഷേധത്തിനിറങ്ങിയത്.

'കർത്താവിന്റെ മണവാട്ടിയുടെ മാനത്തിനിട്ട വില പത്തേക്കർ' എന്ന് പരിഹസിക്കുന്ന പ്ലക്കാർഡുകൾ ഉൾപ്പെടെ കന്യാസ്ത്രീകൾ പന്തലിൽ ഉയർത്തിപ്പിടിച്ചു. 74 ദിവസമായിട്ടും ഒരു ബലാൽസംഗ പരാതിയിൽ പ്രതിയെ അറസ്റ്റ് ചെയ്യാതിരിക്കുന്നത് ബിഷപ്പിന്റെ കാശിന്റെ കനം കൊണ്ടുമാത്രമാണെന്ന് കന്യാസ്ത്രീകൾ ആരോപിച്ചു.

ഏരിയാ കമ്മിറ്റി യോഗം മാറ്റി; ശശിയുടെ പരിപാടികൾ റദ്ദാക്കി

പാലക്കാട്: പീഡനക്കേസിൽ ആടിയുലയുന്ന സി.പി.എം വൻ പ്രതിരോധത്തിൽ. ഇതേ തുടർന്ന് ഇന്ന് വൈകുന്നേരം നാല് മണിക്ക് ചേരാനിരുന്ന ചെർപ്പുളശേരി ഏരിയാ കമ്മിറ്റി യോഗം കാരണമൊന്നുമില്ലാതെ മാറ്റി വച്ചു. ആരോപണവിധേയനായ പി.കെ.ശശി എം.എൽ.എയുടെ എല്ലാ ഔദ്യോഗിക പരിപാടികളും റദ്ദാക്കി. ഏരിയാ സെക്രട്ടറി ഉൾപ്പെടെ കർഷക മാർച്ചിന് ഡൽഹിയിൽ പോയ സമയത്ത് ശശി ഏരിയാ കമ്മിറ്റിയോഗം വിളിച്ചു ചേർത്തിരുന്നു. 19 പേരിൽ മൂന്നു പേർ മാത്രം എത്തിയതിനാൽ യോഗം ചേരാൻ കഴിഞ്ഞിരുന്നില്ല. ഇന്നേക്ക് മാറ്റിയ യോഗമാണ് പാർട്ടി നേതൃത്വത്തിന്റെ നിർദേശ പ്രകാരം മാറ്റിവച്ചത്. അനാരോഗ്യമാണ് കാരണം പറയുന്നതെങ്കിലും സംസ്ഥാന കമ്മിറ്റിയുടെ നിർദേശ പ്രകാരമാണത്രെ ശശിയുടെ പരിപാടികൾ മാറ്റിവച്ചത്. ഒരു പ്രതിക രണവും നടത്തരുതെന്ന കർശന നിർദേശവും എം. എൽ.എക്ക് നൽകിയിട്ടുണ്ട്.

ബൈക്കിൽ മദ്യം കടത്തുന്നതിനിടെ യുവാവ് പിടിയിൽ

പയ്യന്നൂർ: ബൈക്കിൽ മദ്യം കടത്തുന്നതിനിടെ യുവാവിനെ എക്സൈസ് സംഘം പിടികൂടി. അരിവിളഞ്ഞപൊയിലിലെ കെ. ജെ. ചെറിയൻ (46)ആണ്. ചെറുപുഴ ഭാഗത്ത് വെച്ച് കെ.എൽ. 13 എച്ച് 1078 ഹീറോ ഹോണ്ട പാഷൻ ബൈക്കിൽ കടത്തുകയായിരുന്ന 18 കുപ്പി ഇന്ത്യൻ നിർമ്മിത വിദേശമദ്യം സഹിതം പിടിയിലായത്.

പ്രിവന്റീവ് ഓഫീസർ ടി.കെ. തോമസ്, സി. ഇ. ഒ മാരായ ഫെമിൻ മനോജ്, വനിത സി. ഇ.ഒ സുബീന എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

നടുവിൽ ബാങ്ക് പ്രസിഡണ്ട്: എ ഗ്രൂപ്പ് യോഗത്തിൽ തർക്കം

ആദ്യത്തെ ഒരു വർഷം ബിജു ഓരത്തേൽ

നടുവിൽ: നടുവിൽ സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് അംഗങ്ങൾക്ക് പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്നതിൽ ഭിന്നത. കാലാവധി പൂർത്തിയാക്കും വരെ ഒരാളെ തന്നെ പ്രസിഡണ്ടാക്കാൻ തമ്മിലടി കാരണം നേതൃത്വത്തിനും തീരുമാനിക്കാനായില്ല. ഇന്ന് രാവിലെ കെ. സി. ജോസഫിന്റെ സാന്നിധ്യത്തിൽ എ ഗ്രൂപ്പ് നേതാക്കൾ യോഗം ചേർന്ന് ബാങ്ക് പ്രസിഡണ്ടായി ബിജു ഓരത്തേലിനെ തിരഞ്ഞെടുത്തു. എന്നാൽ കരുവഞ്ചാൽ മണ്ഡലം കോൺഗ്രസ് പ്രസിഡണ്ടായ ബിജുവിന് നേതൃത്വം അനുവദിച്ചു നൽകിയ കാലപരിധി ഒരു വർഷം മാത്രമാണ്. അതിനുശേഷം നടുവിൽ മണ്ഡലം പ്രസിഡണ്ടായ വിൻസെന്റ് പല്ലാട്ടിനെ പ്രസിഡണ്ടായി നിയോഗിക്കും. നിലവിലുള്ള ബാങ്ക് പ്രസിഡണ്ടാണ് വിൻസെന്റ്. നാളെയാണ് ഭരണസമിതി യോഗം ചേർന്ന് പ്രസിഡണ്ടിനെ തിരഞ്ഞെടുക്കേണ്ടത്.

ബിജു ഓരത്തേൽ

റവന്യൂ സെക്രട്ടറിക്കെതിരെ കൃഷി മന്ത്രി

തൃശൂർ: റവന്യൂ സെക്രട്ടറി വി.എച്ച്.കുര്യൻ സർക്കാർ വിരുദ്ധ നിലപാട് സ്വീകരിച്ചതിനെ കടുത്ത ഭാഷയിൽ വിമർശിച്ച് മന്ത്രി വി.എസ്. സുനിൽകുമാർ. റവന്യൂ സെക്രട്ടറിക്കെതിരേ മുഖ്യമന്ത്രിക്ക് പരാതി നൽകുമെന്നും സുനിൽകുമാർ പറഞ്ഞു. മുഖ്യമന്ത്രി മടങ്ങിയെത്തിയ ശേഷം കുര്യന്റെ നടപടിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യും. സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ പറയാൻ പാടില്ലാത്തതാണ് കുര്യൻ പറഞ്ഞത്. സർക്കാർ ചെലവിൽ അഭിപ്രായം പറയാൻ കുര്യനെ ആരും ചുമതലപ്പെടുത്തിയിട്ടില്ല.

അച്ചടക്ക ലംഘനമാണ് കുര്യൻ നടത്തിയത്. സർക്കാരിന്റെ നയത്തിന് വിരുദ്ധമായിരുന്നു കുര്യന്റെ അഭിപ്രായ പ്രകടനം. നെൽകൃഷി കൂട്ടുകയെന്നതാണ് സർക്കാരിന്റെ നയം. ആ നിലയിലായിരുന്നു തന്റെ പ്രതികരണം. എന്നാൽ അതിനെ പരിഹസിച്ചതിലൂടെ സർക്കാർ നയം തെറ്റാണെന്ന് റവന്യൂ സെക്രട്ടറി പറയുകയായിരുന്നു-സുനിൽകുമാർ പറഞ്ഞു.

• സമീർ മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയിൽ • കേസിൽ കൂടുതൽ പ്രതികൾ

പെൺകെണിക്കേസിലെ മുഖ്യപ്രതിയിൽ നിന്നും നിർണ്ണായക തെളിവുകൾ ലഭിച്ചു

തളിപ്പറമ്പ: പ്രമുഖരെ വലയിലാക്കി അശ്ലീല രംഗം ചിത്രീകരിച്ച് പണം തട്ടിയ പെൺകെണി കേസിലെ പ്രതി കുറുമാത്തൂർ വെള്ളാരംപാറയിൽ താമസിക്കുന്ന മുസ്തഫയെ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്തപ്പോൾ ലഭിച്ചത് നിർണ്ണായക തെളിവ്. തളിപ്പറമ്പ എസ്.ഐ കെ. ദിനേശനാണ് മുസ്തഫയെ നാല് ദിവസത്തേക്ക് കസ്റ്റഡിയിൽ വാങ്ങിയത്. സംഭവത്തിൽ മുഖ്യ സൂത്രധാരനായ സമീർ എന്ന യുവാവിന് പങ്കുണ്ടെന്നതിന്റെ തെളിവുകൾ പോലീസിന് ലഭിച്ചിട്ടുണ്ട്. സമീർ ഇതിന് മുമ്പ് ഒരു യുവതിയെ മുയ്യത്തെ വീട്ടിൽ കൊണ്ടുവന്നിരുന്നു. ഇതുസംബന്ധിച്ച് സമീറിന്റെ ഭാര്യ തളിപ്പറമ്പ പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് ഇതുവരെയും അന്ന് സ്റ്റേഷനിലേക്ക് വിളിപ്പിച്ചിരുന്നു. പല യുവതികളെയും സമീർ മുസ്തഫയുടെ അടുത്ത് എത്തിച്ചെന്നായിരുന്നു വിവരം.

അതിനിടെ മുസ്തഫയുടെ കസ്റ്റഡിയിലുണ്ടായിരുന്ന സമീർ പോലീസിനെ വെട്ടിച്ച് മുൻകൂർ ജാമ്യ ഹർജി നൽകി. മറ്റൊരു യുവതിയും ഹൈക്കോടതിയിൽ മുൻകൂർ ജാമ്യഹർജി നൽകിയിട്ടുണ്ട്. മുസ്തഫ 20ഓളം യുവതികളെ തളിപ്പറമ്പിലടക്കം സമ്പന്നർക്ക് കാഴ്ചവെച്ചതായാണ് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായത്. ഇതിൽ പലപ്രമുഖരുമുണ്ട്. കേസ് അന്വേഷണത്തെ ബാധിക്കുന്നതിനാൽ വിശദാംശങ്ങൾ പോലീസ് പുറത്തുവിട്ടിട്ടില്ല.

അതിനിടെ കേസിൽ അറസ്റ്റിലായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സക്ക് കഴിയവെ രക്ഷപ്പെട്ട മുഖ്യപ്രതി റുവൈസിനെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കേരള പോലീസും കർണ്ണാടക പോലീസും ഇയാൾക്കുവേണ്ടി തിരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്.

ഉത്തരേന്ത്യൻ പോലീസിലെ ഉന്നതരുടെ സഹായം തേടി

കെട്ടിയിട്ട് കവർച്ച; ഡൽഹി ജയിലിലുള്ള വരെ ചോദ്യം ചെയ്യും

കണ്ണൂർ: മാതൃഭൂമി ന്യൂസ് എഡിറ്ററെയും ഭാര്യയെയും ആക്രമിച്ച് വീട് കൊള്ളയടിച്ചതുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ കണ്ണൂർ പോലീസ് ഉത്തരേന്ത്യൻ പോലീസിന്റെ സഹായം തേടി. ഡൽഹി, മുംബൈ, കൊൽക്കത്ത പോലീസ് സേനകളിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടാണ് അന്വേഷണം മുന്നോട്ടു നീക്കുന്നത്. ബംഗ്ലാദേശ് അതിർത്തി ഗ്രാമത്തിൽ നിന്നുള്ള കുപ്രസിദ്ധ കവർച്ചാസംഘമാണ് കണ്ണൂരിലെ സംഭവത്തിന് പിറകിലെന്ന അനുമാനമാണ് കാരണം. എറണാകുളം തൃപ്പൂണിത്തുറയിൽ കഴിഞ്ഞ ഡിസംബറിൽ പിടിയിലായ കവർച്ചാസംഘത്തിലെ കൂട്ടാളികളായ മൂന്നുപേർ ഇപ്പോൾ ഡൽഹിയിൽ ജയിലിലുണ്ട്. അവരെ എറണാകുളം കേസിൽ അറസ്റ്റ് രേഖപ്പെടുത്തുന്നതിനാൽ കസ്റ്റഡിയിൽ വിട്ടുകിട്ടാൻ ഹിൽപാലസ് സി.ഐ ഉത്തംദാസിന്റെ നേതൃത്വത്തിൽ ശ്രമം നടന്നുവരുന്നുണ്ട്. 19ന് അവരെ കസ്റ്റഡിയിൽ വിട്ടുകൊണ്ട് ഡൽഹി കോടതി ഉത്തരവിടുമെന്നാണ് പ്രതീക്ഷ. അവരെ ചോദ്യം ചെയ്താൽ പ്രസ്തുത സംഘത്തിൽ ഇപ്പോൾ കേരളത്തിൽ തങ്ങാനിടയുള്ളവരെക്കുറിച്ച് തുമ്പ് ലഭിച്ചേക്കും. അത് കണ്ണൂർ കവർച്ചയ്ക്കുള്ള നിർണായക തെളിവാകുമെന്നാണ് പോലീസിന്റെ കണക്കുകൂട്ടൽ. ഇവരുടെ കൂട്ടത്തിലുള്ള മൂന്നുപേർ കാക്കനാട് ജയിലിലുണ്ട്. ഇന്നലെ കണ്ണൂരിൽ നിന്ന് കൊച്ചിയിലെത്തിയ അന്വേഷണ സംഘാംഗങ്ങൾ കാക്കനാട് ജയിലിൽ പ്രതികളെ സന്ദർശിക്കാൻ എത്തിയവരുടെ വിവരങ്ങൾ ആരാഞ്ഞിരുന്നെങ്കിലും ഇവരെത്തേടി അഭിഭാഷകനല്ലാതെ മറ്റാരും എത്തിയിരുന്നില്ലെന്നാണ് ജയിൽ രേഖ.

മഹാരാഷ്ട്രയിൽ നിന്നുള്ള സംഘവും കേരളത്തിൽ കവർച്ച നടത്തിയ ചരിത്രമുള്ളതിനാലാണ് അത്തരം സംഘങ്ങളെക്കുറിച്ച് മുംബൈ പോലീസിന്റെ സഹായത്തോടെ വിവരങ്ങൾ ശേഖരിക്കുന്നത്. ബാംഗാളിലെ വിവിധ ഗ്രാമങ്ങളിൽ ബംഗ്ലാദേശിൽ നിന്നുള്ളവർ തമ്പടിച്ച് സംഘങ്ങളായി കേരളത്തിലെത്തുന്ന പശ്ചാത്തലത്തിലാണ് ആ നിലയിലും അന്വേഷണം പുരോഗമിക്കുന്നത്. ഡി. വൈ.എസ്.പി പി.പി.സദാനന്ദന്റെ നേതൃത്വത്തിലാണ് വിവിധ സംസ്ഥാനങ്ങളിലെ പോലീസുദ്യോഗസ്ഥരുടെ ഏകോപനം സാധ്യമാക്കുന്നത്.

WEDS TOMORROW
On Sunday 09th September 2018

Fareed.P
S/o. Muhammed VM
Aminas
Adikkumpara,Taliparamba

Siyana Siddique
D/o. P.P.Siddique
C.H.Road,
Taliparamba

Jamsheer
S/o. Muhammed VM
Aminas
Adikkumpara, Taliparamba

Shakira
D/o. Abdulla
Farook Nagar
Taliparamba

നവമിഥുനങ്ങൾക്ക്
മംഗളാശംസകൾ
നേർന്നുകൊണ്ട്

YES TWO
CURTAIN & CARPET

New Bazar
Taliparamba

WEDS
TOMORROW
(9-09-2018)

MUHAMMED ASHRAF.K
(Gen. Secretary, MYL Kundamkuzhi Shakha)
S/o. ALI. K.P
ASMA VILLA, C.H. ROAD
TALIPARAMBA

FATHIMA HUSNA
D/o. HASSAN
AL-HASANATH, ELAMBERAMPARA

With best compliments from
മുസ്ലിംലീഗ്, യൂത്ത്ലീഗ്, എം.എസ്.എഫ്
കുണ്ടാംകുഴി ശാഖാ കമ്മിറ്റി